കുട്ടികൾതന്നെ ബുക്ക് നിർമ്മിച്ചു വിതരണം ചെയ്യുകയാണ്. ഈ ഇനത്തിൽ ഈവർഷം ഒരുലക്ഷത്തിമുപ്പതിനായിരം രൂപ ലാഭേഹിത മായി ലഭിച്ചിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, കുട്ടികൾക്ക് വിതരണം ചെയ്യുന്ന നോട്ടുബുക്കുകളുടെ പുറംചട്ടകളിൽ നഗ്നചിത്രങ്ങൾ കൊടുക്കുന്നത് തടയാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: സ്കൂൾ സൊസൈറ്റികൾവഴി കൊടുക്കുന്ന ബുക്കുകളിൽ നഗ്നചിത്രങ്ങൾ ഉണ്ടാകില്ല. ഓപ്പൺ മാർക്കറ്റിൽ ഏതൊക്കെ ചിത്രങ്ങളാണ് അടിച്ചുവയ്ക്കുന്നതെന്ന് അറിയാൻ വയ്യ. അത് തടയാനുള്ള നിർദ്ദേശം കൊടുക്കാം. അങ്ങനെ സ്കൂൾ സൊസൈറ്റികൾവഴി നൽകുന്ന ബുക്കുകളിൽ ഇല്ലെന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞത്. നമ്പാടൻ മാസ്റ്ററുടെ സ്കൂളിൽ ഉണ്ടോയെന്ന് എനിക്കറിയില്ല.

ശ്രീ. ജി. വരദൻ: சார், ஹரிஜன் மாணவர்களுக்கும் ஆதி வாசி மாணவர்களுக்கும் நோட்டு புத்தகங்கள் இலவசமாக கொடுக்கப்படுமா?

ശ്രീ. തച്ചടി പ്രഭാകരൻ: അത് പ്രത്യേകമായി ചോദിച്ചാൽ പറയാം. സൗജന്യമായി വിതരണം ചെയ്യുന്നുണ്ടോയെന്ന് ഇപ്പോൾ ഗവൺമെന്റിന് അറിയില്ല.

അന്യ സംസ്ഥാനങ്ങൾക്ക് നൽകുന്ന വൈദ്യുതി

* 164 [167] ശ്രീ. വി.സി.കബീർ:
,, കെ.കെ.ബാലകൃഷ്ണൻ:
,, എ.കെ.ശശീന്ദ്രൻ:
,, കെ.പി.എ.മജീദ്:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് അന്യ സംസ്ഥാനങ്ങൾക്ക് വൈദ്യുതി നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രതിമാസം എത്രവീതം;

(സി) ഇതിന്റെ നിരക്ക് എത്രയെന്നു വ്യക്തമാക്കാമോ;

(ഡി) എന്തു വ്യവസ്ഥയിലാണിങ്ങനെ നൽകുന്നത്;

(ഇ) കേരളത്തിൽ പവർകട്ട് ഏർപ്പെടുത്തുമ്പോഴും മറ്റു സംസ്ഥാനങ്ങൾക്ക് വൈദ്യുതി നൽകാറുണ്ടോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ.ആർ.ബാലകൃഷ്ണപിള്ള):

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി, ഡി, ഇ) 'എ' യ്ക്ക് നൽകിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ.വി.സി.കബീർ: സർ, എല്ലാ ചോദ്യങ്ങൾക്കും 'ഇല്ല' എന്നുള്ള മറുപടിയാണ് ഇപ്പോൾ ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രി പറഞ്ഞത്. അങ്ങനെയാണെങ്കിൽ ഇപ്പോൾ പവർ കട്ട് ആണല്ലോ. മഹാരാഷ്ട്ര, മദിരാശി തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്ന് നമ്മുടെ സംസ്ഥാനം കുറഞ്ഞ് വാങ്ങുന്നുണ്ടോ; വാങ്ങുന്നുണ്ടെങ്കിൽ അത് എന്ത് അടിസ്ഥാനത്തിലാണ്?

ശ്രീ.ആർ:ബാലകൃഷ്ണപിള്ള: മഹാരാഷ്ട്ര നമുക്ക് കുറെ വൈദ്യുതി നൽകുമെന്നു പറഞ്ഞു. പക്ഷേ അത് ഇവിടെ എത്തിക്കുന്നതിനുള്ള തടസ്സം നീക്കുന്നതിനുള്ള ശ്രമമാണ് നടക്കുന്നത്. കർണ്ണാടകയിൽ നിന്നുകൂടി വൈദ്യുതി ഇവിടെ എത്തിക്കുന്നതിനുവേണ്ടി ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. കുറെ വൈദ്യുതി എത്തുന്നുണ്ട്. അതിന്റെ കണക്കുകൾ ഓരോ ദിവസവും വ്യത്യസ്തമാണ്. തമിഴ്നാട് രാത്രി 10 മണിക്കും വെളുപ്പിന് 5 മണിക്കുമിടയ്ക്കുള്ള സമയത്ത് വൈദ്യുതി തന്ന് നമ്മെ സഹായിച്ചുകൊണ്ടിരിക്കുകയാണ്. എന്താണ് ഇതിന്റെ വ്യവസ്ഥകളെന്ന് പൂർണ്ണമായി പറയാൻ കഴിയുകയില്ല. പക്ഷേ നമ്മുടെ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വൈദ്യുതിയുമായി തട്ടിച്ചുനോക്കുമ്പോൾ വില വളരെ കൂടുതലാണ് എന്നു മാത്രമേ പറയാനുള്ളൂ.

ശ്രീ.വി.സി.കബീർ: ഇപ്പോൾ നമ്മെ പവർ കട്ടുള്ള സാഹചര്യത്തിൽ വൈദ്യുതി അയൽ സംസ്ഥാനങ്ങൾക്ക് കൊടുക്കുന്നില്ല. പവർ കട്ട് ഇല്ലാത്ത സമയത്ത് നമ്മെ അയൽ സംസ്ഥാനങ്ങളിലേക്ക് വൈദ്യുതി കൊടുത്തിരുന്നു. അതിന് സ്വീകരിച്ചിരുന്ന നിബന്ധനകൾ എന്തൊക്കെയാണ്, അതിനു കിട്ടിയിരുന്ന റേറ്റ് എന്താണ്, എപ്പോഴാണ് അത് നിറുത്തലാക്കിയത്?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: വ്യാവസായികാടിസ്ഥാനത്തിൽ കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളായി വൈദ്യുതി കൊടുത്തിട്ടേയില്ല. അദ്ദേഹം കൊടുത്തിരുന്നുവെന്ന് സ്വയം സമാധാനിച്ച് പറയുകയാണ്. എന്നാൽ അടിയന്തിര സന്ദർഭങ്ങളിൽ, അതായത് അടിയന്തിരമായി വൈദ്യുതി ആവശ്യമുള്ള ലൈനുകൾ കേടാകുകയും ട്രാൻസ്ഫോർമറുകൾ കേടാകുകയും ജനറേറ്റിംഗ് സ്റ്റേഷനുകളിലെ മെഷീനുകൾക്ക് താൽക്കാലികമായി കേട് ഉണ്ടാകുകയും ചെയ്യുന്ന അവസരങ്ങളിൽ മൂന്നു സംസ്ഥാനങ്ങളും അങ്ങോട്ടുമിങ്ങോട്ടും തമ്മിലുള്ള ഗ്രിഡ്ഡുകളിൽ സഹായം ചെയ്യാറുണ്ട്. അത് തിരിച്ചെടുക്കാറുണ്ട്. ഇതുകൂടാതെ കർണ്ണാടകത്തിലെ റെയിൽവേയുടെ വകയായ ആക്സിഡന്റ് വീൽ പ്ലാന്റിന് ഒരുദിവസം .ഒരുലക്ഷം യൂണിറ്റ് വൈദ്യുതി വീതം കഴിഞ്ഞ രണ്ടു വർഷക്കാലം ഇൻഡ്യാ ഗവൺമെന്റിന്റെ അഭ്യർത്ഥനയനുസരിച്ചും നമ്മുടെ തീരുമാനമനുസരിച്ചും നൽകിയിട്ടുണ്ട്. അതു കൃത്യമായി കർണ്ണാടകത്തിന്റെ ഗ്രിഡ്ഡിലേക്ക് കൊടുത്തിട്ടുണ്ട്. അല്ലാതെ വ്യാവസായികാടിസ്ഥാനത്തിൽ വിദ്യുച്ഛക്തി വിറ്റിട്ടേയില്ല.

ശ്രീ.കെ.കെ.ബാലകൃഷ്ണൻ: പവർ കട്ട് ഏർപ്പെടുത്തിയതുമൂലം നമ്മുടെ സംസ്ഥാനത്ത് വളരെയേറെ വ്യവസായങ്ങളിൽ ലേ ഓഫ് പ്രഖ്യാപിക്കുകയും അതുവഴി തൊഴിലാളികളേയും വ്യാവസായിക

LIBRARY ARCHIVES Kerala Legislative Assembly

പുരോഗതിയേയും കാര്യമായി ബാധിക്കുകയും ചെയ്തിരിക്കുന്ന ഗുരുതരമായ അവസ്ഥ കണക്കിലെടുത്തുകൊണ്ട് പവർ കട്ട് ലിഫ്റ്റ് ചെയ്യാൻ പ്രത്യേകമായ എന്തെങ്കിലും നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്താണെന്നു പറയാമോ?

ശ്രീ. ആർ ബാലകൃഷ്ണപിള്ള: ഞാൻ മിനിഞ്ഞാന്ന് വൈദ്യുതിയുടെ ഡിമാന്റ് ചർച്ചക്ക് മറുപടി പറഞ്ഞുകൊണ്ട് സംസാരിച്ചതാണിത്. നമ്മുടെ വൈദ്യുതി ഉൽപാദന കേന്ദ്രങ്ങളിൽ കഴിഞ്ഞ വർഷം ഈ സമയത്തുണ്ടായിരുന്നതിനേക്കാൾ 1200—ൽ ചിലപ്പോൾ ഒരുലക്ഷം യൂണിറ്റ് വെള്ളം കുറവാണ്. അത് ഒരിക്കലും കേരളത്തെ സംബന്ധിച്ചിടത്തോളം പ്രതീക്ഷിച്ചതല്ല, ഉണ്ടായിട്ടുമില്ല. ഈ സാഹചര്യത്തിൽ വൈദ്യുതിയുടെ കട്ട് പൂർണ്ണമായി ലിഫ്റ്റ് ചെയ്യാനോ, ഭാഗികമായി ലിഫ്റ്റ് ചെയ്യാനോ കഴിയുന്ന ഒരു സാഹചര്യം ഇനിയും നമ്മുടെ ജലസംഭരണികളിൽ ഉണ്ടായിട്ടില്ലായെന്നുള്ളതുകൊണ്ട് അത് ലിഫ്റ്റ് ചെയ്യാൻ ഇപ്പോഴും ബുദ്ധിമുട്ടാണ്. അങ്ങനെ ചെയ്താൽ അടിയന്തിര ആവശ്യങ്ങൾക്കുള്ള വൈദ്യുതി പോലും ഉൽപ്പാദിപ്പിക്കാൻ ജലമില്ലാത്ത ഒരു സ്ഥിതിയിൽ നമ്മൾ എത്തും. അത് ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ അപകടകരമാണ്. പക്ഷേ കഴിയുന്നിടത്തോളം വൈദ്യുതി രാമഗുണ്ഡത്തുനിന്നും കൽപാക്കത്തുനിന്നും മഹാരാഷ്ട്രയിൽനിന്നും കൊണ്ടുവന്ന് ഇന്നുള്ളതിനേക്കാൾ കൂടുതൽ വൈദ്യുതി വ്യവസായങ്ങൾക്കു കൊടുക്കാൻ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾത്തന്നെ പല വൻകിട ഫാക്ടറികളും ലേ ഓഫ് ഭാഗികമായി മാറ്റുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ വളരെ ശ്രദ്ധാപൂർവ്വവും ശ്രമകരവുമായ ജോലി ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയിൽ മുപ്പതു ശതമാനം വിതരണത്തിന്റെ തകരാറുമൂലം നഷ്ടപ്പെടുന്നുവെന്നും അങ്ങനെ 50 കോടി രൂപ അതുവഴി നമ്മുടെ സംസ്ഥാനത്തിന് നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്നും ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥൻമാരുടെ സെമിനാറിൽ ഉന്നതനായ ഒരു ഉദ്യോഗസ്ഥൻ പ്രബന്ധം അവതരിപ്പിച്ചുകൊണ്ടു പറഞ്ഞ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇത് തടയുന്നതിനുവേണ്ടി ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഫിഗേഴ്സ് ശരിയല്ലായിരിക്കാനുള്ളതൊഴിച്ചാൽ ബാക്കിയൊക്കെ ശരിയാണ്. ഫിഗേഴ്സ് 20 ശതമാനമാണ്.

ശ്രീ.കെ.കെ.ബാലകൃഷ്ണൻ: ഇത് മാതൃഭൂമി പത്രത്തിൽ വന്നതാണ്. ആ ഫിഗറാണ് ഞാൻ പറഞ്ഞത്.

ശ്രീ.ആർ.ബാലകൃഷ്ണപിള്ള: ഞാൻ അത് കേട്ടുകൊണ്ടിരുന്ന ആളാണ്. പത്രത്തിൽ വന്നത് ഞാൻ വായിച്ചില്ല. 20 ശതമാനമാണ് കേരളത്തിന്റെ ട്രാൻസ്മിഷൻ ലോസ്. 20 ശതമാനമെന്നു പറയുന്നത് കുറയ്ക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഇത് അവതരിപ്പിച്ചത്. 20 ശതമാനമെന്നു പറയുന്നത് ലൈൻ ലോസ് ഉൾപ്പെടെയാണ്. അദ്ദേഹം പറഞ്ഞത് ശരിയാണ്. കാരണം നമ്മുടെ പല

LIBRARY ARCHIVES Kerala Legislative Assembly

ലൈനുകളിലും ആവശ്യത്തിൽക്കൂടുതൽ വൈദ്യുതി പ്രവഹിപ്പിക്കുന്നതു കൊണ്ടും നമ്മുടെ ആഭ്യന്തര ഉപയോഗം കൂടിയതുകൊണ്ടും പല ലൈനുകളിലും ഉണ്ടാകുന്ന നഷ്ടം വളരെ കൂടുതലാണ്. അതിനുവേണ്ടി ഇലക്ട്രിസിറ്റി ബോർഡ് പുതിയ ലൈനുകളും ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. അതിന് ഉദാഹരണമാണ് മലബാറിലേക്ക് ഒരു ഡബിൾ സർക്യൂട്ട് 220 കെ.വി: ലൈൻ ലോവർ പെരിയാറിൽനിന്ന് ലോക ബാങ്കിന്റെ സഹായത്തോടുകൂടി കണ്ണൂരിലേക്ക് പണി ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. ശബരിഗിരിയിൽനിന്ന് തിരുവനന്തപുരത്തേക്ക് മറ്റൊരു 220 ഡബിൾ സർക്യൂട്ട് ലൈൻ പണി ആരംഭിച്ചു. അതു പോലെ കളമശ്ശേരിയിൽനിന്ന്, മറ്റൊരു ലൈൻ അരൂരിലേയ്ക്ക് പണി നടന്നുകൊണ്ടിരിക്കുകയാണ്. ഈ ലൈനുകളൊക്കെ വരുമ്പോഴേയ്ക്കും നമ്മുടെ ലൈനുകളിൽ കൂടി വളരെക്കൂടുതൽ വൈദ്യുതി പ്രവഹിപ്പിക്കുന്നത് ഒഴിവാക്കാൻ കഴിയും. അതുപോലെ കൂടുതൽ ട്രാൻസ്ഫോർമറുകൾ വയ്ക്കുകയും കൂടുതൽ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുകയും ചെയ്ത് ഈ നഷ്ടം ഒഴിവാക്കാനുള്ള ഒരു ബൃഹത്തായ പരിപാടി വിദ്യുച്ഛക്തി ബോർഡ് ഏറ്റെടുത്തിട്ടുണ്ട്. നമ്മുടെ ലോസ് 10 ശതമാനത്തിനു താഴെ കൊണ്ടുവരുന്നതിനുള്ള ബൃഹത്തായ പരിപാടികളാണ് ഇന്നു നടത്തുന്നത്. പക്ഷേ ഇൻഡ്യയിലെ മൊത്തം സ്ഥിതി എടുത്താൽ കേരളത്തിലെ വൈദ്യുതി നഷ്ടം അല്ലെങ്കിൽ ലൈൻ ലോസ് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പിറകിലാണ് എന്നുള്ളതാണു സത്യം.

ശ്രീ. എ. കെ. ശശീന്ദ്രൻ: അന്യസംസ്ഥാനങ്ങൾക്ക് ഇപ്പോൾ വൈദ്യുതി വിൽക്കുന്നില്ലായെന്നാണ് മന്ത്രി അദ്ദേഹത്തിന്റെ മറുപടിയിൽ പറഞ്ഞത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇലക്ട്രിസിറ്റി ബോർഡ് രൂപീകരിച്ചതിനുശേഷം ഏതൊക്കെ കാലഘട്ടങ്ങളിലാണ് അന്യസംസ്ഥാനങ്ങൾക്ക് വൈദ്യുതി വിറ്റത്, അതിന്റെ ഫലമായി എത്രകോടി രൂപയുടെ അധിക വരുമാനം കേരളസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് ഉണ്ടായിട്ടുണ്ട്, ഇപ്പോൾ അത് നിർത്തലാക്കാനുണ്ടായ സാഹചര്യമെന്താണ്, ഇതൊന്നു വിശദീകരിക്കാമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇടുക്കി പദ്ധതി പൂർത്തിയായതോടുകൂടി നമ്മുടെ സംസ്ഥാനത്ത് കറണ്ട് ഉപയോഗിക്കാൻ കഴിയാത്ത ഒരു സാഹചര്യം വന്നതു മുതൽ ഇടുക്കി ഡാം ആദ്യമായി വെള്ളം നിറഞ്ഞു കവിഞ്ഞൊഴുകിയ 1981 വരെയുള്ള കാലഘട്ടങ്ങളിലാണ് വ്യാവസായികാടിസ്ഥാനത്തിൽ വൈദ്യുതി വിറ്റത്. അത് അന്ന് വളരെ കുറഞ്ഞ റേറ്റായിരുന്നു. വാങ്ങാൻ ആളില്ലാത്ത പൊസിഷൻ വന്നതുകൊണ്ട് കുറഞ്ഞ റേറ്റിന് വിൽക്കേണ്ടിവന്നു. അതിലെ ലാഭം എന്തായിരുന്നുവെന്നിപ്പോൾ ചോദിച്ചാൽ നോട്ടീസ് കൂടാതെ മറുപടി പറയാൻ കഴിയുകയില്ല. എന്തായാലും കുറെ റവന്യൂ ആ ഇനത്തിൽ 1981 വരെ കേരളാസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് ലഭിച്ചിട്ടുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ: ഇപ്പോൾ പവർ കട്ട് ഭാഗികമായി പിൻവലിച്ചു തുടങ്ങിയിട്ടുണ്ടെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മൽസ്യബന്ധന സീസൺ ആരംഭിച്ച ഒരു സാഹചര്യമാണ് ഇപ്പോൾ കേരളത്തിലുള്ളത്. അതു പരിഗണിച്ച് ഐസ് പ്ലാന്റുകൾ, ഫ്രീസിംഗ് പ്ലാന്റുകൾ, കോൾഡ് സ്റ്റോറേജുകൾ എന്നിവകൾക്കുള്ള വൈദ്യുതി കട്ടിൽനിന്ന് അവരെ ഒഴിവാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പല കാരണങ്ങളാലും പലരേയും ഒഴിവാക്കണമെന്നുള്ള ന്യായീകരണങ്ങളുണ്ട്. നമ്മുടെ കൈയിൽ വൈദ്യുതി ഇല്ല. പുറത്തുനിന്ന് എടുക്കുന്ന വൈദ്യുതിയാണ് ഇന്ന് ഈ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത്. കഴിയുന്നിടത്തോളം വൈദ്യുതി പുറത്തുനിന്നു കൊണ്ടുവരുന്നതിനുവേണ്ടി മുഖ്യമന്ത്രി ഉൾപ്പെടെ നമ്മുടെ ഗവൺമെന്റ് പല ഗവൺമെന്റുകളുമായും നേരിട്ട് ബന്ധം പുലർത്തി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ കിട്ടാവുന്നിടത്തോളം വൈദ്യുതി ഇവിടെ കൊണ്ടുവന്ന് എല്ലാവർക്കും തുല്യ പരിഗണന വച്ച് വിതരണം ചെയ്യുന്നതിനു മാത്രമേ കഴിയൂ. ഈ രാജ്യത്തെ വ്യവസായസ്ഥാപനങ്ങളും പ്രവർത്തിക്കുന്നില്ലെങ്കിൽ കോടിക്കണക്കിനു രൂപയുടെ നഷ്ടമുണ്ടാകും. ഇതേപ്പറ്റി ആർക്കും സംശയമില്ല. അത് ഫിഷിംഗ് ഇൻഡസ്ട്രിയെ മാത്രമല്ല എല്ലാ ഇൻഡസ്ട്രിയേയും ബാധിക്കുന്ന കാര്യമാണ്.

ശ്രീ. കെ. പി. എ. മജീദ്: പവർ കട്ട് ഏർപ്പെടുത്തിയതുമൂലം ഈ സംസ്ഥാനത്തെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് ഏതൊക്കെ സംസ്ഥാനങ്ങളെ നാം സമീപിച്ചിട്ടുണ്ട്, അവരുടെ പ്രതികരണമെന്താണ്, അവരുടെ വാക്കനുസരിച്ച് ഈ സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി ലഭിക്കാൻവേണ്ടി എന്തെല്ലാം നടപടികളാ സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളെയാണ് നമ്മൾ സമീപിച്ചത്. ഇതിൽ ആന്ധ്രാപ്രദേശിലും മഹാരാഷ്ട്രയിലും കൽക്കരി ധാരാളം ഉള്ളതുകൊണ്ടും തെർമൽ പ്ലാന്റുകൾ ഉള്ളതുകൊണ്ടും അവിടെ പവർകട്ട് ഇല്ല. തമിഴ്നാടും കർണ്ണാടകയും പവർ കട്ട് നിലനിൽക്കുന്ന സംസ്ഥാനങ്ങളാണ്. അവർക്കുള്ള വ്യവസായങ്ങൾക്കുതന്നെ വൈദ്യുതി കൊടുക്കാൻ പറ്റാത്തതുകൊണ്ട് നമുക്ക് വൈദ്യുതി തരാൻ ബുദ്ധിമുട്ടുണ്ട്. മഹാരാഷ്ട്ര 100 മെഗാവാട്ടും ആന്ധ്രാപ്രദേശ് 45 മെഗാവാട്ടും അതായത് ഏതാണ്ട് 3 ശതലക്ഷം യൂണിറ്റ് വൈദ്യുതി നമുക്ക് നൽകാൻവേണ്ടി ക്രമീകരണങ്ങളും നടത്താമെന്നു സമ്മതിച്ചിട്ടുണ്ട്. രണ്ടുമൂന്നു ദിവസത്തിനകം അതിനുള്ള മാർഗ്ഗമുണ്ടാകും. അതുപോലെ തമിഴ്നാട് കൽപ്പാക്കത്തുനിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയിൽനിന്ന് കുറെ നമുക്ക് നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. അതും കൂടി വന്നുകഴിഞ്ഞ് ഇതെല്ലാം പ്രായോഗികമായാൽ ബുദ്ധിമുട്ട് കുറയും. അതുപോലെതന്നെ ഈ ആദ്യത്തെ ആഴ്ചയിൽ രാമഗുണ്ഡം, പവർ നമുക്ക് ലഭിക്കുമെന്നാണ് കരുതുന്നത്. നാഷണൽ തെർമൽ പവർ കോർപ്പറേഷന്റെ രാമഗുണ്ഡത്തുനിന്ന് ബാംഗ്ലൂർ വരെയുള്ള 400 കെ.വി. ലൈൻ ഈ ആഴ്ചയിൽ പൂർത്തിയാക്കി കർണ്ണാടകത്തിലെ 400 കെ.വി. സബ്സ്റ്റേഷൻ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. അങ്ങനെ വന്നാൽ കർണ്ണാടക ഗ്രിഡ്ഡിൽനിന്ന് നമുക്ക് രാമഗുണ്ഡം ഷെയറായ ഏതാണ്ട് ഒന്നേകാൽ ശതലക്ഷം യൂണിറ്റു വരുന്ന വിദ്യുച്ഛക്തി ലഭ്യമാകും. റേറ്റ് കൂടുതലാണെങ്കിലും വിദ്യുച്ഛക്തി ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ ആഴ്ച കുറച്ചൊരു മാറ്റമുണ്ടാക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly